بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 16.08.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

16.08.2019ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

### നബി(സ)തിരുമേനിയുടെ മഹനീയസ്ഥാനികളും ബദരീ സഹാബാക്കളുമായ ഹദ്റത്ത് ഖതാദ ബിൻ നുഅ്മാൻ അൻസാരി(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊൻ(റ) എന്നിവരുടെ വിശ്വാസം തുളുമ്പുന്ന ഹൃദ്യവും മനോഹരവുമായ സംഭവങ്ങളുടെ വിവരണം.

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِيۡمِ ۙ﴿۲﴾ مٰلِكِ يَوۡمِ الدِّيۡنِ ؕ﴿۳﴾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ﴿۴﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۵﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۬ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ﴿۷﴾

തശഹുദും തഅവുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു:

കഴിഞ്ഞ കുറച്ച് നാളുകളായി ഞാൻ വിവരിച്ച് കൊണ്ടിരിക്കുന്ന ബദരീ സഹാബാക്കളെ സംബന്ധിച്ചാണ് ഇന്നും ഞാൻ വിവരിക്കുന്നത്.

ആദ്യമായി ഹദ്റത്ത് ഖതാദ ബിൻ നുഅ്മാൻ അൻസാരിയെ കുറിച്ചാണ് പറയുന്നത്. ഹദ്റത്ത് ഖതാദയുടെ ബന്ധം അൻസാറുകളുടെ ഗോത്രമായ ഖസ്റജിലെ കുടുംബം, ബനൂ സഫറുമായാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹദ്റത്ത് നുഅ്മാൻ ബിൻ സയ്ദ് എന്നും മാതാവിന്റെ പേര് ഉനയ്സ ബിൻത് ഖയ്സ് എന്നുമായിരുന്നു. ഹദ്റത്ത് ഖതാദയുടെ വിളിപേരുകൾ അബൂ ഉമർ, അബൂ അംറ്, അബൂ അബ്ദുല്ലാഹ് എന്നും പറയപ്പെടുന്നു. ഹദ്റത്ത് ഖത്താദ ഹദ്റത്ത് അബൂ സഈദ് ഖുദ്രിയുടെ മാതാവ് വഴിയുള്ള അർദ്ധസഹോദരനായിരുന്നു. ഹദ്റത്ത് ഖതാദക്ക് 70 അൻസാർ സഹാബാക്കളോടൊപ്പം ബയ്അത്തെ അഖബയിൽ പങ്കെടുക്കാൻ തൗഫീഖ് ലഭിച്ചിരുന്നു. അദ്ദേഹം റസൂലുല്ലാഹ്(സ) നിയമിച്ച അമ്പെയ്ത്തുകാരിൽ ഉൾപ്പെട്ടിരുന്നു. ബദർ, ഉഹദ്, ഖന്തഖ്, ഇതിനെല്ലാം ശേഷം ഉണ്ടായ യുദ്ധങ്ങളിലും റസൂലുല്ലാഹ്(സ)യോടൊപ്പം പങ്കെടുക്കുവാനുള്ള തൗഫീഖും അദ്ദേഹത്തിന് ലഭിച്ചിരുന്നു. ഉഹദ് യുദ്ധ ദിവസം, ഖതാദയുടെ കണ്ണിൽ അമ്പ് ഏല്ക്കുകയുണ്ടായി. അത്മൂലം നേത്രഗോളം പുറത്തേക്ക് വന്നു. അദ്ദേഹം റസൂലുല്ലാഹ്(സ)തിരുമേനിയുടെ സമക്ഷം ഹാജറായി. എന്നിട്ട് പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ ദൂതരേ! അമ്പ് ഏറ്റതിനാൽ എന്റെ നേത്രഗോളം ഇതാ പുറത്ത് വന്നിരിക്കുന്നു. റസൂലുല്ലാഹ്(സ) നേത്രഗോളം തിരിച്ച് വച്ചു. അതായത് ശരിയായ സ്ഥലത്ത് അത് സ്ഥാപിച്ചു. അങ്ങനെ അദ്ദേഹത്തിന് കാഴ്ച്ച തിരിച്ച് കിട്ടി. വാർദ്ധക്യാവസ്ഥയിലും രണ്ട് കണ്ണുകളിൽവെച്ച് ഈ കണ്ണ്, കൂടുതൽ ശക്തിയും ഭംഗിയുള്ളതുമായിരുന്നു. ഒരു നിവേദനത്തിൽ വരുന്നു, നബി(സ) ഈ കണ്ണിൽ തന്റെ ഉമ്മിനീർ പുരട്ടിയിരുന്നു. അതു കാരണം ആ കണ്ണ് രണ്ടാമത്തേതിനെക്കാൾ കൂടുതൽ ഭംഗിയുള്ളതായി തീർന്നു. ഹദ്റത്ത് ഖതാദ സ്വയം തന്റെ സംഭവം വിവരിക്കുന്നു. ഞാൻ നബി(സ)തിരുമേനിയുടെ തിരുമുഖത്തിന് പരിചയായി മാറുന്നതിന് വേണ്ടി ഉഹദ് യുദ്ധ ദിവസം അങ്ങയുടെ മുന്നിൽ തന്നെ സ്ഥാനം ഉറപ്പിച്ചു. ഏതെങ്കിലും ഒരമ്പ് നബി(സ) തിരുമേനിയുടെ ഭാഗത്തേക്ക് വന്നു കഴിഞ്ഞാൽ എന്റെ ശിരസ്സ് ആ ഭാഗത്തേക്ക് ഞാൻ നീക്കിയിരുന്നു. തദവസരത്തിൽ ഒരമ്പ് എന്റെ കണ്ണിൽ തറച്ചു. നേത്രഗോളം ഒലിച്ച് എന്റെ കവിൾത്തടത്തിലെത്തി. ഞാൻ കൈകൊണ്ട് ആ നേത്രഗോളം അമർത്തി പിടിച്ചു. അത് കയ്യിൽ വെച്ച് കൊണ്ട് തന്നെ റസൂലുല്ലാഹ്(സ)യുടെ സമക്ഷം ഹാജറായി. റസൂലുല്ലാഹ്(സ) എന്റെ കൈകളിലേക്ക് നോക്കി, അങ്ങയുടെ കണ്ണിൽ നിന്ന് കണ്ണീർ പൊലിഞ്ഞു. എന്നിട്ട് പറഞ്ഞു: അല്ലാഹുവേ! ഖതാദ സ്വന്തം മുഖം കൊണ്ട് നിന്റെ നബിയുടെ മുഖത്തെ സംരക്ഷിച്ചിരിക്കുന്നു. അതിനാൽ നീ അദ്ദേഹത്തിന്റെ രണ്ട് കണ്ണുകളിലും വച്ച് ഈ കണ്ണിനെ, കൂടുതൽ ഭംഗിയുള്ളതും കാഴ്ചയുള്ളതുമാക്കി തീർക്കണേ. അങ്ങനെ ആ കണ്ണ്, രണ്ടിലും വച്ച് കൂടുതൽ ഭംഗിയുള്ളതും കാഴ്ചയുള്ളതുമായി മാറി.

ഹദ്റത്ത് ഖതാദ, ഖന്തഖിലും മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. മക്കാവിജയ സമയത്ത് ബനൂ സഫറിന്റെ പതാക ഹദ്റത്ത് ഖതാദയുടെ കൈവശമാണ് ഉണ്ടായിരുന്നത്. ഹദ്റത്ത ഖതാദ 65 മത്തെ വയസ്സിൽ ഹിജ്രി 23 ന് വഫാത്തായി. ഹദ്റത്ത് ഉമർ മദീനയിൽ അദ്ദേഹത്തിന്റെ ജനാസ സമസ്കാരം നിർവഹിച്ചു.

ഹദ്റത്ത് ഖതാദ ബിൻ നുഅ്മാൻ(റ) പറയുന്നു: അൻസാറുകളിലെ ഒരു കുടുംബത്തെ ബനൂ ഉബൈറക് എന്നാണ് പറയപ്പെടുന്നത്. അതിൽ മൂന്ന് സഹോദരങ്ങൾ ഉണ്ടായിരുന്നു. ആ ആളുകൾ ജാഹലിയ്യാ കാലഘട്ടത്തിലും അതുപോലെ ഇസ്ലാമിലും ഈ രണ്ട് സമയത്തും പട്ടിണിയും പരാധീനതയും ഉള്ളവരായിരുന്നു. യാതൊരുമാറ്റവും അവർക്ക് ഉണ്ടായിരുന്നില്ല. ജോലി ഒന്നും ചെയ്യുമായിരുന്നില്ല, അധ്വാനിക്കുമായിരുന്നില്ല. അതുകാരണം വളരെയധികം ദാരിദ്ര്യത്തിലായിരുന്നു. ഖതാദ പറയുന്നു: ഒരിക്കൽ എന്റെ പിതൃവ്യൻ രിഫാഹ ബിൻ സയ്ദിന്റെ ഗോഡൗൺ കൊള്ളയടിക്കപ്പെട്ടു. മതിലുകൾ പൊളിച്ച് അകത്ത് പ്രവേശിച്ച

കള്ളന്മാർ, റേഷനും ആയുധങ്ങളും എല്ലാം മോഷ്ടിച്ചു. രാവിലെ എന്റെ പിതൃവ്യൻ രിഫാഹ എന്റെയടുക്കൽ വന്നു. പറഞ്ഞു, എന്റെ സഹോദര പുത്രാ! ഇന്നലെ രാത്രി വലിയ അക്രമം നടന്നു. നമ്മുടെ സംഭരണശാല കൊള്ളയടിക്കപ്പെട്ടു. ഭക്ഷ്യവസ്തുക്കളും ആയുധങ്ങളും എല്ലാം മോഷ്ടിക്കപ്പെട്ടു. ഞങ്ങൾ പരിസരവാസികളോട് വിവരങ്ങൾ അന്വേഷിച്ചറിയാൻ ശ്രമിച്ചു. ആളുകളോട് ചോദിച്ചു. അവർ ഞങ്ങളോട് പറഞ്ഞു: ഞങ്ങൾ ബനൂ ഉബൈറകിനെ ആ രാത്രിയിൽ കണ്ടിരുന്നു. അവർ തീ കത്തിച്ച് വച്ചിരുന്നു. നിങ്ങളുടെ ഭക്ഷണം കൊണ്ട് അവർ ആഘോഷിക്കുകയായിരുന്നുവെന്ന് ഞങ്ങൾ വിചാരിക്കുന്നു.

എന്റെ പിതൃവ്യൻ പറഞ്ഞു: എന്റെ സഹോദരപുത്രാ! ഒരു പക്ഷേ നീ റസൂലുല്ലാഹ്(സ)യുടെ അടുക്കൽ ചെന്ന് ഈ സംഭവത്തെ കുറിച്ച് പറഞ്ഞാൽ ചിലപ്പോൾ എനിക്ക് എന്റെ ധനം തിരിച്ച് ലഭിക്കുന്നതാണ്. ഹദ്റത്ത് ഖതാദ ബിൻ നുഅ്മാൻ പറയുന്നു, ഞാൻ ഈ കാര്യം കേട്ട് റസൂലുല്ലാഹ്(സ)യുടെ അരികിലെത്തി. എന്നിട്ട് പറഞ്ഞു: ഞങ്ങളുടെ ആളുകളിൽ പെട്ട ഒരു കുടുംബം അക്രമവും അനീതിയും കാണിച്ചിരിക്കുന്നു. അവർ എന്റെ പിതൃവ്യൻ, രിഫാഹയുടെ വീട്ടിലേക്ക് തിരിയുകയും അദ്ദേഹത്തിന്റെ സംഭരണശാല തകർത്ത് അദ്ദേഹത്തിന്റെ ആയുധങ്ങളും ഭക്ഷ്യവസ്തുകളും മോഷ്ടിക്കുകയും ചെയ്തിരിക്കുന്നു. ഈ കാര്യം അറിഞ്ഞ് ബനൂ ഉബൈറകിലെ ആളുകൾ റസൂലുല്ലാഹ്(സ)യുടെ സമക്ഷം ഹാജറായി, പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഖതാദ ബിൻ നുഅ്മാനും അദ്ദേഹത്തിന്റെ പിതൃവ്യനും ഞങ്ങളിൽപ്പെട്ട മുസ്ലിംകളും നല്ലവ്യക്തികളുമായ ഒരു കുടുംബത്തിന്റെ മേൽ സാക്ഷിയോ തെളിവോ കൂടാതെ മോഷണകുറ്റം ആരോപിക്കുകയാണ്. ഖതാദ പറയുന്നു: റസൂലുല്ലാഹ്(സ) എന്നോട് പറഞ്ഞു, നീ ഒരു കുടുംബത്തിന്റെ മേൽ മോഷണത്തിന്റെ ആരോപണം ഉന്നയിച്ചിരിക്കുന്നു. അവർ മുസ്ലിംകളാണ്, നല്ല ആളുകളാണ്. എന്നാൽ നിന്റെ പക്കൽ തെളിവുകളൊന്നുമില്ല. ഖതാദ പറയുന്നു: ഞാൻ തിരിച്ച് പോയി. ഞാൻ വിചാരിച്ചു, ഒരു പക്ഷേ ഈ കാര്യം റസൂലുല്ലാഹ്(സ)യോട് പറയാതിരുന്നെങ്കിൽ, എന്റെ ധനം നഷ്ടമായതിൽ ഞാൻ സങ്കടപ്പെടുമായിരുന്നില്ല. നബി(സ)യുടെ വാക്കുകൾ കേട്ടപ്പോൾ, ഞാൻ നബി(സ)യെ പ്രയാസപ്പെടുത്തിയെന്ന ചിന്ത എന്നെ അലട്ടി. പിന്നീട് നബി(സ)തിരുമേനിയ്ക്ക് വഹ്‌യ് മുഖേന അല്ലാഹു നിജസ്ഥിതി വ്യക്തമാക്കി കൊടുത്തു. ഇതിനെ കുറിച്ച് ഖുർആനിൽ ആയത്തുകളും അവതരിച്ചു. മോഷണകാര്യത്തിൽ സംശയം ജനിപ്പിച്ച ബനൂ ഉബൈറകിന്റെ ആളുകൾ, ആ വചനങ്ങൾ അവരെ കുറിച്ചാണെന്ന് മനസിലാക്കുകയും അവർ മോഷണകുറ്റം അംഗീകരിച്ച് കൊണ്ട് ആയുധങ്ങൾ റസൂലുല്ലാഹ്(സ)യുടെ അടുക്കൽ കൊണ്ട് വന്നു നല്കുകയും ചെയ്തു. അങ്ങനെ നബി(സ) തിരുമേനി ആയുധങ്ങൾ രിഫാഹയെ തിരിച്ചേല്പിച്ചു.

ഹദ്റത്ത് അബൂ സയ്ദ് ഖുദ്രി നിവേദനം ചെയ്യുന്നു, ഹദ്റത്ത് ഖതാദ ബിൻ നുഅ്മാൻ ഒരിക്കൽ സൂറ ഇഖ്ലാസ് പാരയണം ചെയ്ത് ഒരു രാത്രി കഴിച്ച് കൂട്ടി. നബി(സ)തിരുമേനിയുടെ മുന്നിൽ ആ സംഭവം പറയപ്പെട്ടപ്പോൾ, അവിടുന്ന് പറഞ്ഞു: എന്റെ ജീവൻ ആരുടെ കൈകളിലാണോ അവനെ കൊണ്ട് സത്യം! സൂറ ഇഖ്ലാസ്, വിശുദ്ധ ഖുർആന്റെ പകുതിയ്ക്ക് അല്ലെങ്കിൽ മൂന്നിലൊന്നിന് തുല്യമാണ്. അതായത് അല്ലാഹുവിന്റെ ഏകത്വം, അതാണ് യഥാർഥത്തിൽ വിശുദ്ധ ഖുർആൻ. വിശുദ്ധ ഖുർആനിൽ അതിനെ കുറിച്ചുള്ള അധ്യാപനങ്ങളാണ് ഉൾകൊണ്ടിരിക്കുന്നത്.

അബൂസലമയിൽ നിന്ന് നിവേദനം, ഹദ്റത്ത് അബൂഹുറൈറ ഞങ്ങളോട് റസൂലുല്ലാഹ്(സ)യുടെ ഹദീസ് വിവരിക്കാറുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ പറഞ്ഞു: ജുമാ ദിവസം ഒരു സമയമുണ്ട്. ഏതെങ്കിലും ഒരു മുസ്ലിമിന് അത് ലഭിക്കുമ്പോൾ അവൻ നമസ്കരിച്ചു കൊണ്ട് അല്ലാഹുവിനോട് നന്മ ചോദിക്കുകയാണെങ്കിൽ അല്ലാഹു അവന് തീർച്ചയായും അതു നൽകുന്നതാണ്. ഹദ്റത്ത് അബൂഹുറൈറ തന്റെ കൈകൊണ്ട് ആംഗ്യം കാണിച്ച് കൊണ്ട് പറഞ്ഞു, ആ സമയം വളരെ ചുരുങ്ങിയതാണ്. പിന്നെ അബൂഹുറൈറ വഫാത്തായപ്പോൾ (നിവേദകൻ) പറയുന്നു: ഞാൻ എന്റെ മനസ്സിൽ ചിന്തിച്ചു, ഇനി അബൂ സഈദിന്റെ അടുക്കൽ പോവുകയാണെങ്കിൽ അദ്ദേഹത്തോട് ആ സമയത്തെ സംബന്ധിച്ച് തീർച്ചയായും ചോദിക്കുന്നതാണ്. ഒരു പക്ഷേ അദ്ദേഹത്തിന് അതിനെക്കുറിച്ച് അറിയുമായിരിക്കും. അങ്ങനെ ഒരിക്കൽ അദ്ദേഹത്തിന്റെ സമക്ഷം ഹാജരായി. എന്നിട്ട് ചോദിച്ചു: അല്ലയോ അബൂ സഈദ്! ജുമുഅഃ ദിവസം വരുന്ന ഒരു സമയത്തെ കുറിച്ച് ഹദ്റത്ത് അബൂഹുറൈറ ഒരു ഹദീസ് ഞങ്ങളെ കേൾപ്പിച്ചിരുന്നു. ദുആ സ്വീകരിക്കപ്പെടുന്ന ആ സമയത്തെക്കുറിച്ച് താങ്കൾക്ക് അറിവുണ്ടോ? അദ്ദേഹം പറഞ്ഞു: ഞാൻ നബി കരീം(സ)യോടും ഈ സമയത്തെ കുറിച്ച് ചോദിച്ചിരുന്നു. അപ്പോൾ നബി കരീം(സ) പറയുകയുണ്ടായി, എനിക്ക് ആദ്യം അതിനെ കുറിച്ച് അറിവു നല്കിയിരുന്നു. എന്നാൽ പിന്നീട് ഖദറിന്റെ രാത്രി പോലെ അതിനും മറവി സംഭവിച്ചു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: മുസ്നദ് അഹ്മദ് ബിൻ ഹംബലിന്റെ നിവേദനത്തിൽ ജുമുഅഃ ദിവസത്തെ ആ സമയത്തെ കുറിച്ച് പറയുന്നു. ഈ സമയത്തെ കുറിച്ച് വിവിധ നിവേദനങ്ങൾ ഉണ്ട്. ആ നിവേദനങ്ങൾ എല്ലാം വ്യത്യസ്തമായ മൂന്നു സമയങ്ങളെ സംബന്ധിച്ചുള്ളതാണ്. അതിൽ ഒന്നാമതായി ആ സമയം ജുമുഅഃയുടെ ഇടയിൽ വരുന്നുവെന്ന് പറയപ്പെടുന്നു. രണ്ടാമതായി ദിവസത്തിന്റെ അവസാനഭാഗത്തും മൂന്നാമത് അസർ നമസ്കാരത്തിന് ശേഷവും വരുന്നുവെന്ന് പറയപ്പെടുന്നു. അബൂഹുറൈറയിൽ നിന്ന് നിവേദനം, റസൂലുല്ലാഹ്(സ) ജുമുഅഃ ദിവസത്തെക്കുറിച്ച് വിവരിക്കുകയുണ്ടായി. പറയുന്നു: അതിൽ ഒരു സമയമുണ്ട്. മുസ്ലിമായ ഒരു ദാസന് ആ സമയം ലഭിക്കുമ്പോൾ അവൻ നമസ്കാരം നിർവഹിക്കുകയാണെങ്കിൽ, ആ സമയം അല്ലാഹുവിനോട് ചോദിക്കുന്നത് തീർച്ചയായും അവന് ലഭിക്കുന്നതാണ്. അദ്ദേഹം തന്റെ കൈ കൊണ്ട് ആംഗ്യത്തിലൂടെ ആ സമയം വളരെ ചെറുതാണെന്ന് കാണിച്ചു.

പിന്നെ ഒരു സഹീഹ് മുസ്ലിമിൽ നിന്നുള്ള നിവേദനമാണ്. അബൂഹുറൈറ ബിൻ അബൂമൂസ അശ്അരി നിവേദനം ചെയ്യുന്നു, റസൂലുല്ലാഹ്(സ) പറഞ്ഞു: ആ സമയം ഇമാം

ഇരിക്കുന്നത് മുതൽ നമസ്കാരം അവസാനിക്കുന്നത് വരെയാണ്. പിന്നെ ഹദ്റത്ത് അബ്ദുല്ല ബിൻ സലാം നിവേദനം ചെയ്യുന്നു. റസൂലുല്ലാഹ്(സ) പറഞ്ഞു: ദിവസത്തിന്റെ അവസാന ഭാഗത്താണ്, അതായത് പകൽ അസ്തമിക്കുന്നതിന് തൊട്ട് മുമ്പ് വരെയാണ്. ഞാൻ ചോദിച്ചു: അത് നമസ്കാരത്തിലെ സമയം അല്ലേ? അവിടുന്ന് പറഞ്ഞു: എന്തു കൊണ്ടല്ല? സത്യവിശ്വാസിയായ ഒരു ദാസൻ നമസ്കാരം കഴിഞ്ഞ ശേഷം അതേ ചിന്തയിൽ തന്നെ ഇരിക്കുകയാണെങ്കിൽ അവൻ അപ്പോഴും നമസ്കാരത്തിൽ തന്നെയായിരിക്കും.

ഇനി ഹദ്റത്ത് അബൂഹുറൈറയിൽ നിന്ന് മറ്റൊരു നിവേദനം, റസൂലുല്ലാഹ്(സ) പറഞ്ഞു: അത് അസറിന് ശേഷമുള്ള സമയമാകുന്നു. ഹദ്റത്ത് അബു സലമ ഈ സമയത്തെ സംബന്ധിച്ച് റസൂലുല്ലാഹ്(സ)യോട് ചോദിച്ചപ്പോൾ പറയപ്പെട്ടു: ആഖിറു സാഅത്തി നഹാർ അതായത് ആ സമയം ദിവസത്തിന്റെ അവസാനത്തെ സമയങ്ങളിൽ ഉൾപെടുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇതിനെ വിശദീകരിച്ചു കൊണ്ട് ഒരു സ്ഥലത്ത് തഫ്സീറിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു: ജുമുഅഃയും റമളാനും തമ്മിൽ പരസ്പരം സാമ്യത പുലർത്തുന്നു. ജുമുഅഃ ദുആ സ്വീകരിക്കുന്ന ദിവസമാണ്. റമദാൻ ദുആ സ്വീകരിക്കുന്ന മാസമാണ്. ജുമുഅയെ സംബന്ധിച്ച് റസൂൽ കരീം(സ) പറയുന്നു: ഒരു വ്യക്തി നമസ്കാരത്തിനായി പള്ളിയിൽ വരികയും നിശബ്ദനായി ഇരുന്നു കൊണ്ട് ദൈവസ്മരണയിൽ മുഴുകയും ഇമാമിനെ കാത്തിരിക്കുകയും പിന്നീട് സമാധാനത്തോടു കൂടി ജമാഅത്തായ നമസ്കാരത്തിൽ പങ്കെടുക്കുകയും ചെയ്യുകയാണെങ്കിൽ പ്രത്യേകമായി അവന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നതാണ്. പിന്നെ ഒരു (പ്രത്യേക) സമയം ജുമുഅയിൽ വരുന്നതാണ്, അതിൽ മനുഷ്യൻ ദുആ ചെയ്യുകയാണെങ്കിൽ അത് സ്വീകരിക്കപ്പെടുന്നതാണ്.

അദ്ദേഹം എഴുതുന്നു: ദൈവീക നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ ഹദീസിനെ വ്യാഖ്യാനിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ നിയമത്തിനും ചര്യയ്ക്കും അനുസൃതമായ ദുആയാണ് യഥാർത്ഥത്തിൽ സ്വീകരിക്കപ്പെടുക. എവിടെയാണ് ഇത് വലിയ അനുഗ്രഹമാകുന്നത് അവിടെ അത് എളുപ്പമായ കാര്യമായിരിക്കില്ല. ഇനി ജുമുഅയുടെ സമയം ഏകദേശം രണ്ടാമത്തെ ബാങ്ക് അല്ലെങ്കിൽ അതിനു തൊട്ടു മുമ്പ് മുതൽ ആരംഭിച്ച് സലാം വീട്ടുന്നത് വരെ ആകുന്നു എന്ന് കരുതുകയാണെങ്കിൽ, ഈ രണ്ട് സമയങ്ങളും കൂട്ടി ചേർക്കുമ്പോൾ, അത് ഒരു മണിക്കൂർ അല്ലെങ്കിൽ ഒന്നര മണിക്കൂറിനുള്ളിൽ വരെ അത് ആയിത്തീരുന്നു. ഈ ഒരു മണിക്കൂർ അല്ലെങ്കിൽ ഒന്നര മണിക്കൂറിനുള്ളിലാണ് മനുഷ്യൻ ചെയ്യുന്ന ദുആ സ്വീകരിക്കപ്പെടുന്നത്. എന്നാൽ ഈ 90 മിനിറ്റ് കാലയളവിൽ ദുആ സ്വീകരിക്കപ്പെടുന്നത് ആദ്യ സമയത്തിലാണോ, രണ്ടാമത്തെ സമയത്തിലാണോ അതോ മൂന്നാമത്തെ സമയത്തിലാണോ എന്നാർക്കുമറിയില്ല. ഈ 90 മിനിറ്റിന്റെ അവസാനത്തിൽ പോലും ഏത് സമയത്തിലാണ് ദുആ സ്വീകാര്യത എന്ന് മനുഷ്യർക്കറിയില്ല. അതുകൊണ്ട് തുടർച്ചയായി 90 മിനിറ്റും ദുആ ചെയ്ത് കൊണ്ടിരിക്കുന്ന വ്യക്തിയാണ് അവസാനം ഈ ദുആ സ്വീകാര്യതയുടെ അവസരം നേടുന്നതിൽ വിജയം പ്രാപിക്കുക. അതിനാൽ ഈ 90 മിനിറ്റും തുടർച്ചയായി ദുആ ചെയ്യേണ്ടതാണ്. അതിൽ ശ്രദ്ധ നിലനിർത്തുക എന്നത് പ്രയാസകരമായ കാര്യമാകുന്നു. അതുകൊണ്ട് തന്നെ ആ പ്രവൃത്തി വളരെയധികം ശ്രമകരം ആവശ്യപ്പെടുന്നു. അതിനുവേണ്ടി കഠിനാധ്വാനം വേണ്ടി വരുന്നു. തുടർച്ചയായി ശ്രദ്ധ നഷ്ടപ്പെടാതെ മനുഷ്യൻ ദുആയിൽ മുഴുകേണ്ടതാണ്. ഇത്തരത്തിൽ പ്രവൃത്തിക്കേണ്ടത് അതിന് നിർബന്ധമാകുന്നു. ജുമുഅഃയുടെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനായി വലിയ പരിശ്രമം ആവശ്യമായിട്ടുണ്ട്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അടുത്ത സഹാബി, അബ്ദുല്ലാഹ് ബിൻ മസ്ഊൻ ആണ്. അബ്ദുല്ലാഹ് ബിൻ മസ്ഊന്റെ ബന്ധം ഖുറൈശികളുടെ ഗോത്രമായ ബനു ജമാഅയുമായാണ്. അദ്ദേഹം ഹദ്റത്ത് ഖുദാമ ബിൻ മസ്ഊൻ, ഹദ്റത്ത് സായിബ് ബിൻ മസ്ഊൻ എന്നിവരുടെ സഹോദരനായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊൻ, ഹദ്റത്ത് ഖുദാമ ബിൻ മസ്ഊനും നബി(സ)തിരുമേനി ദാറുൽ അർകമിലേക്ക് പോകുന്നതിന് മുമ്പ്, അതായത് അവിടെ കേന്ദ്രീകരിച്ച് തബ്ലീഗ് ചെയ്യുന്നതിന് മുമ്പ് തന്നെ ഇസ്ലാം സ്വീകരിച്ചിരുന്നു. അദ്ദേഹം തന്റെ സഹോദരങ്ങളോടൊപ്പം ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തു. ഹബ്ശയിൽ താമസിച്ച് കൊണ്ടിരുന്ന വേളയിൽ ഖുറൈശികൾ ഇസ്ലാം മതം സ്വീകരിച്ചെന്ന വാർത്ത ലഭിച്ചപ്പോൾ അവർ തിരിച്ച് വന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ കാര്യം മുമ്പും ഞാൻ മറ്റ് സഹാബാക്കളെ കുറിച്ച് പറഞ്ഞപ്പോൾ വിവരിച്ചിരുന്നു. മുസ്ലിംകളുടെ മേൽ ഉണ്ടായിരുന്ന അക്രമം അതിര് കടന്നപ്പോൾ നബി(സ)തിരുമേനി മുസ്ലിംകളോട് പറഞ്ഞു, നിങ്ങൾ ഹബ്ശയിലേക്ക് ഹിജറത്ത് ചെയ്ത് കൊള്ളുക. പറഞ്ഞു: ഹബ്ശയിലെ രാജാവ് നീതിയും ന്യായവും ഇഷ്പ്പെടുന്നു. അദ്ദേഹത്തിന്റെ ഭരണത്തിൽ കീഴിൽ ആരുടെമേലും അക്രമം ഉണ്ടാകുകയില്ല. അങ്ങനെ നബി(സ)യുടെ നിർദ്ദേശപ്രകാരം നുബൂവ്വത്തിന് അഞ്ചാം കൊല്ലം, റജബ് മാസം 11 പുരുഷൻമാരും 4 സ്ത്രീകളും ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തു. ഹബ്ശയിൽ ചെന്ന് അവർ വലിയ സമാധാനത്തോടെ കഴിയാൻ തുടങ്ങി. അല്ലാഹുവിന്റെ സഹായത്താൽ ഖുറൈശികളുടെ അക്രമത്തിൽ നിന്ന് അവർക്ക് മോചനം ലഭിച്ചു. എന്നാൽ ചില ചരിത്രകാരൻമാർ വിവരിക്കുന്നു, മുഹാജിറുകൾ ഹബ്ശയിലെത്തി അധിക നാൾ കഴിഞ്ഞിരുന്നില്ല. ഒരു വ്യാജവാർത്ത പരന്നു. അതായത് ഖുറൈശികൾ മുസ്ലിംകളായിരിക്കുന്നു. ഈ വാർത്തയുടെ ഫലമായി അധിക മുഹാജിറുകളും യാതൊന്നും ആലോചിക്കാതെ തിരികെ വന്നു. അങ്ങനെ അവർ മക്കയുടെ സമീപത്ത് എത്തിയപ്പോൾ ഈ വാർത്ത തെറ്റായിരുന്നുവെന്ന് മനസ്സിലായി. ഹബ്ശയിൽ നിന്ന് മുഹാജിറുകളെ തിരിച്ച് കൊണ്ട് വരാനുള്ള അവിശ്വാസികളുടെ ഒരു തന്ത്രമായിരുന്നു അത്. അങ്ങനെ അവർക്ക് വലിയ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നു. മറ്റൊരു മാർഗവും അവർക്കുണ്ടായിരുന്നില്ല. ചിലർ വഴിയിൽ വെച്ച് തന്നെ തിരിച്ച് പോയി. ചിലർ സ്വാധീനമുള്ള

നേതാക്കളുടെ അഭയത്തിൽ വന്ന് മക്കയിൽ പ്രവേശിച്ചു. എന്നാൽ അതും അധികനാൾ നീണ്ട് നിന്നില്ല. ഖുറൈശികളുടെ പീഡനങ്ങൾ വർധിച്ച് കൊണ്ടേയിരുന്നു. മുസ്ലിംകൾക്ക് മക്കയിലെ ഒരു സ്ഥലത്തും രക്ഷയുണ്ടായിരുന്നില്ല. അതിനാൽ നബി(സ) ഹിജ്റത്ത് ചെയ്യാൻ വീണ്ടും അവർക്ക് നിർദ്ദേശം നല്കി, അങ്ങനെ മറ്റ് മുസ്ലിംകളും രഹസ്യമായി ഹിജ്റത്തിന് വേണ്ടി തയ്യാറെടുപ്പ് ആരംഭിച്ചു. അവസരം ലഭിക്കുന്നതനുസരിച്ച് ഹിജ്റത്ത് ചെയ്തു. ഹിജ്റത്തിന്റെ പരമ്പര, അങ്ങനെ വീണ്ടും തുടങ്ങി. അവസാനം ഹബ്ശയിലെത്തിയ മുഹാജിറുകളുടെ എണ്ണം 100 വരെ എത്തുകയും ചെയ്തു. അതിൽ 18 സ്ത്രീകളും ബാക്കി പുരുഷൻമാരും ആയിരുന്നു. ഹദ്റത്ത് അബ്ദുല്ലാ ബിൻ മസ്ഊൻ, ആദ്യ ഹിജ്റത്തിൽ പങ്കെടുത്തു. എന്നാൽ രണ്ടാമത് തിരിച്ചുപോയി എന്നതിനെ കുറിച്ച് യാതൊരു അറിവുമില്ല.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് തന്റെ മൂന്ന് സഹോദരങ്ങൾ-ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊൻ, ഹദ്റത്ത് ഖുദാമ ബിൻ മസ്ഊൻ, ഹദ്റത്ത് സായിബ് ബിൻ മസ്ഊൻ എന്നിവരുമായി ബദർ യുദ്ധത്തിൽ റസൂലുല്ലാഹ്(സ)യോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് അബ്ദുല്ലാഹ് ബദർ കൂടാതെ ഉഹദ്, ഖന്തഖ് പോലുള്ള എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ് (സ) യോടൊപ്പം പങ്കെടുത്തിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊൻ ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് ഹജ്റി 30 ന് അറുപതാമത്തെ വയസ്സിൽ വഫാത്തായി. അല്ലാഹു ഈ സഹാബാക്കളുടെ പദവികൾ ഉയർത്തി കൊണ്ടിരിക്കുമാറാകട്ടെ

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 16.08.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516